"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽസ്-ജീവനക്കാര്യം- കണ്ണൂർ സർവ്വകലാശാലയിലെ അസിസ്റ്റന്റ് സെക്ഷൻ ഓഫീസറായ ശ്രീ. കലേശൻ കെ.ആർ.-ന്റെ കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ മാനേജർ തസ്തികയിലെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.1005/2026/H&FWD തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:-

1. 19/01/2024-ലെ സ.ഉ.(സാധാ) നം.123/2024/ആ.ക.വ
2. 17/01/2025-ലെ സ.ഉ.(സാധാ) നം.117/2025/ആ.ക.വ
3. 02/02/2026-ലെ സ.ഉ.(സാധാ) നം.404/2026/ആ.ക.വ
4. കണ്ണൂർ സർവ്വകലാശാല രജിസ്ട്രാറുടെ 28/02/2026-ലെ അഡ്മിൻ/എഡി എ3/18917/2018 നം. നിരാക്ഷേപ പത്രം
5. കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽസ് രജിസ്ട്രാറുടെ 02/03/2026-ലെ എ1/2620/2024/എംസി. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ സർവ്വകലാശാലയിലെ അസിസ്റ്റന്റ് സെക്ഷൻ ഓഫീസറായ ശ്രീ. കലേശൻ കെ.ആർ.-ന് കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ മാനേജർ തസ്തികയിലെ ഒഴിവിലേക്ക് അന്യത്ര സേവനം അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് കണ്ണൂർ സർവ്വകലാശാല രജിസ്ട്രാർ ലഭ്യമാക്കിയ നിരാക്ഷേപപത്രത്തിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ അന്യത്ര സേവനകാലയളവ് പരാമർശം (2) ഉത്തരവ് പ്രകാരം 31.05.2025 മുതൽ ഒരു വർഷത്തേക്കും , പിന്നീട് പരാമർശം (3) ഉത്തരവ് പ്രകാരം 31.01.2026 മുതൽ രണ്ട് മാസത്തേക്കും കൂടി വീണ്ടും ദീർഘിപ്പിച്ച് നൽകുകയുണ്ടായി. ശ്രീ. കലേശൻ കെ.ആർ.-ന്റെ അന്യത്ര സേവനകാലയളവ് 01/04/2026 മുതൽ 30/09/2026 വരെ (ആറ് മാസം) കൂടി ദീർഘിപ്പിക്കുന്നതിന് എതിർപ്പില്ലെന്ന് അറിയിച്ചുകൊണ്ടുള്ള കണ്ണൂർ സർവ്വകലാശാല രജിസ്ട്രാറുടെ നിരാക്ഷേപ പത്രം പരാമർശം (5) കത്ത് പ്രകാരം കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽസ് രജിസ്ട്രാർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ സർവ്വകലാശാലയിലെ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ ശ്രീ. കലേശൻ കെ.ആർ.-ന്റെ കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ മാനേജർ തസ്തികയിലെ അന്യത്ര സേവനകാലയളവ് 01/04/2026 മുതൽ 30/09/2026 വരെ നിലവിലെ അന്യത്ര സേവന വ്യവസ്ഥകൾക്കും, കേരള സർവീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 140(C)-യിലെ നിബന്ധനകൾക്കും വിധേയമായി വീണ്ടും ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മുരളീധരൻ ചെട്ടിയാർ

അണ്ടർ സെക്രട്ടറി

രജിസ്ട്രാർ, കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽസ് , തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ& ഇ), കേരളം, തിരുവനന്തപുരം

രജിസ്ട്രാർ, കണ്ണൂർ സർവ്വകലാശാല, താവക്കര, സിവിൽ സ്റ്റേഷൻ പി.ഒ, കണ്ണൂർ

ശ്രീ. കലേശൻ കെ.ആർ, മാനേജർ, കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ (രജിസ്ട്രാർ മുഖേന)

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് , ഗവ.സെക്രട്ടറിയറ്റ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (എസ് 1/52/2026/ആ.കു.വ).

ഉത്തരവിൻ പ്രകാരം

Signed by

Rashmi D

Date: 11-03-2026 10:28:55

സെക്ഷൻ ഓഫീസർ